വ്യവസായ സംരംഭകത്വ വികസന പരിപാടി

257(2464) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങൾ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭകത്വ സംസ്കാരം രൂപീകരിക്കുക, തൊഴിലന്വേഷകർ തൊഴിൽ ദാതാക്കളായി മാറുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽനിന്നും 18-നും 40-നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും അപേക്ഷ ലഭിച്ച 498 പേർക്ക് പരിശീലനം നൽകുകയും 330 പേർ സ്വയം സംരംഭകരാകുകയും ചെയ്തു. യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരത്തു വച്ച് യുവസംരംഭകസംഗമം സംഘടിപ്പിച്ചു. രണ്ടാം ഘട്ട സംരംഭകത്വ പരിശീലന പരിപാടി കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 758 പേർക്ക് പരിശീലനം നൽകുകയും ഇവയിൽ 205 പേർ സ്വയം സംരംഭകരായി മാറുകയും 140 പേർ പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly